# Mathrubhumi

## 22 August 2018

## Alappuzha, After Flood, LPG Shortage



# സിലിൻഡറുകൾ ഒഴുകിപ്പോയി; പകരം നൽകാനില്ലാതെ ക്ഷാമം രൂക്ഷം

**ആലപ്പുഴ ▸** പ്രളയബാധിത പ്രദേശങ്ങളിൽ പാചകവാതക ക്ഷാമം രൂക്ഷം. വെള്ളപ്പൊക്കത്തിൽ പലരുടെയും സിലിൻഡറുകൾ ഒഴുകിപ്പോയി. നിറ സിലിൻഡർ കിട്ടാൻ പകരം സിലിൻഡർ നൽകാനാവാത്ത സ്ഥിതിയാണ്.

സിലിൻഡർ ഒഴുകിപ്പോയവർക്ക് പാചകവാതകം ലഭ്യമാക്കാൻ പകരംസംവിധാനം ഏർപ്പെടുത്തിയാലേ പ്രശ്നം പരിഹരിക്കാനാവൂ. ഒറ്റ സിലിൻഡർ മാത്രമുള്ളവരെയാണ് ദുരിതം ഏറെ ബാധിച്ചത്.

വെള്ളമിറങ്ങിത്തുടങ്ങിയതോടെ വീട്ടിൽ തിരികെയെത്തിയവരാണ് സിലിൻഡർ ഒഴുകിപ്പോയതായി പരാതിയുമായി വരുന്നത്. ഏജൻസികളെ സമീപിച്ചപ്പോൾ എണ്ണക്കമ്പനികളെ അറിയിക്കാമെന്ന് പറഞ്ഞയക്കുകയാണ്.

ദുരിതാശ്വാസ ക്യാമ്പുകളിലേക്കും പാചകവാതകം ഏറെ ആവശ്യമായി വരുന്നുണ്ട്. വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവരിൽ ആരുടെയെങ്കിലും കത്തുമായി വന്നാലേ ഏജൻസികൾ ക്യാമ്പുകളിലേക്ക് പാചകവാതകം നൽകുന്നുള്ളൂ.

19 കിലോയുടെ വാണിജ്യാവശ്യത്തിനുള്ള സിലിൻഡറുകളാണ് ക്യാമ്പിലേക്ക് നൽകുന്നത്. അതിനാൽ, എണ്ണക്കമ്പനികളും ഇപ്പോൾ വാണിജ്യാവശ്യത്തിനുള്ള സിലിൻഡറുകൾക്കാണ് പ്രാധാന്യം നൽകുന്നത്. ഇത് ഗാർഹികാവശ്യത്തിനുള്ള സിലിൻഡറുകൾക്ക് ക്ഷാമമുണ്ടാക്കുന്നു.

വെള്ളംകയറിയ പ്രദേശങ്ങളിലേക്കുള്ള പാചകവാതകവിതരണവും നിലച്ചിരിക്കുകയാണ്. പ്രളയം വരുന്നതിനുമുമ്പ് ദിവസേന 50 വീടുകളിൽ പാചകവാതകം വിതരണം ചെയ്തിരുന്നു. ഇതിപ്പോൾ 30 വീടുകളിൽ താഴെയായി. ദുരിതാശ്വാസ ക്യാമ്പുകളിൽ പാചകവാതകം കിട്ടിയില്ലെങ്കിൽ റേഷൻ മണ്ണെണ്ണ ലഭ്യമാക്കാനും നടപടിയായിട്ടുണ്ട്.

റേഷൻകടവഴി ഈ മാസം വിതരണം പൂർത്തിയാക്കാത്ത മണ്ണെണ്ണ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.